# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആനിക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി. എ.പി 7/174/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി. എ.പി 7/174/23 തീയ്യതി: 22/03/2023

## പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-04-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അശ്വതി വി.നായർ, ഓഡിറ്റർ
ശ്രീമതി.ആശ എം.കുരുവിള, ഓഡിറ്റർ
ശ്രീമതി.സിന്ധുമോൾ വി.എൻ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രമീള വസന്ത് മാത്യു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ രഞ്ജിത് വി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജി ബി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 19-07-2021 |
| ശ്രീ.ദിലീപ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2021 | 30-12-2021 |
| ശ്രീമതി.ജലജാകുമാരി പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 31-12-2021 | 31-03-2022 |
| ശ്രീമതി.അനില റ്റി ശശി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.നിഷോർ റ്റി | മെഡിക്കൽ ഓഫീസർ, FHC | 01-04-2021 | 31-03-2022 |
| ശ്രീ.ഭക്തി പി.ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ.സുബ്ബയ്യൻ എൻ | വെറ്ററിനറി സർജൻ | 01-04-2021 | 08-08-2021 |
| ശ്രീമതി.സുമയ്യ എ | വെറ്ററിനറി സർജൻ | 09-08-2021 | 25-11-2021 |
| ശ്രീമതി.രമ്യ കെ വാസു | വെറ്ററിനറി സർജൻ | 26-11-2021 | 31-03-2022 |
| ശ്രീമതി. പ്രസന്ന പി എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി .സിന്ധു വി | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-08-2021 |
| ശ്രീ.ശ്രീകുമാർ ജെ | ഫിഷറീസ് ഓഫീസർ | 01-09-2021 | 31-03-2022 |
| ശ്രീമതി. ജലജാമണി | വി.ഇ.ഒ - സർക്കിൾ I | 01-04-2021 | 30-11-2021 |
| ശ്രീമതി.അഞ്ജലി സന്തോഷ് | വി.ഇ.ഒ - സർക്കിൾ I | 01-12-2021 | 31-03-2022 |
| ശ്രീമതി.ആതിര എസ് | വി.ഇ.ഒ - സർക്കിൾ II | 01-05-2021 | 31-03-2022 |

01.04.2021 മുതൽ 30.04.2021 വരെ ശ്രീമതി.ജലജാമണിക്ക് (വി.ഇ.ഒ1) ചാർജ്ജായിരുന്നു

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകതകൾ | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല | 1-11 |
| 13 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-12 |
| 14 | തൊഴിൽനികുതി പിരിവ് അപാകങ്ങൾ | 1-13 |
| 15 | റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല | 1-14 |
| 16 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-15 |
| 17 | മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-16 |
| 18 | അധികമായി ആനുകൂല്യം അനുവദിച്ചു | 1-17 |
| 19 | മുൻകുറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-18 |
| 20 | അതിദരിദ്രർക്ക് ക്ഷേമപ്പെൻഷൻ ഉറപ്പാക്കുന്നില്ല | 1-19 |
| 21 | ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു മുറയ്ക്ക് പെൻഷൻ റദ്ദ് ചെയ്തില്ല | 1-20 |
| 22 | കുറഞ്ഞനിരക്ക് അംഗീകരിച്ചില്ല | 1-21 |
| 23 | ടാർ ബാരൽവില ഈടാക്കിയില്ല | 1-22 |
| 24 | പുളിക്കാമല ക്ലബ്പടി പുറത്തേപ്പടി റോഡ് പുനരുദ്ധാരണം -ബില്ല് തയ്യാറാക്കിയതിൽ അപാകതകൾ | 1-23 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - തുടർ നിരീക്ഷണം ശക്തമാക്കേണ്ടതാണ് | 1-24 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-25 |
| 27 | ആശുപത്രി മാനേജിംഗ് കമ്മറ്റി രൂപീകരിച്ചില്ല | 1-26 |
| 28 | എസ്.എസ്.എ/ആർ.എം.എസ് വിഹിതം-വിശദമായ | 1-27 |

| | | |
|---|---|---|
| | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | |
| 29 | വെള്ളക്കരം കുടിശ്ശിക | 1-28 |
| 30 | അഗതി രഹിത കേരളം പദ്ധതി -അവലോകനം | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അധികനിരക്കിൽ സബ്സിഡി അനുവദിച്ചു | 3-1 |
| 2 | കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല | 3-2 |
| 3 | ബാരൽവില ഈടാക്കിയില്ല | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

25.02.2021 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2021-22സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി.₹103293071/- വരവും ₹/- 100948250ചെലവും ₹2344821/- രൂപ മിച്ചവും വരുന്നതായിരുന്ന ബജറ്റ്. പരിഷ്കരിച്ച ബജറ്റ് 10-3-2022-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3(1) തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. 2021-22ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 4400000 | 2779930 | 1620070 |
| | എ | വസ്തുനികുതി | 3600000 | 2330740 | 1269260 |
| | ബി | തൊഴിൽ നികുതി | 800000 | 449190 | 350810 |
| 2 | | നികുതിയിതര വരവുകൾ | 2392500 | 509540 | 1882960 |
| | എ | വാടക കെട്ടിടങ്ങൾ | 7500 | 7752 | -252 |
| | ബി | ലൈസൻസ് | 40000 | 54450 | -14450 |
| | | പലിശ | 250000 | 81060 | 168940 |
| | | നിക്ഷേപങ്ങൾ-കണ്ടുകെട്ടിയത് | 300000 | 0 | 300000 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 7814000 | 7829157 | -15157 |
| 4 | | വികസന ഫണ്ട് | 17429000 | 14519865 | 2909135 |
| 5 | | സംരക്ഷണ ഗ്രാന്റ് | 19540000 | 15405989 | 4134011 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 12545000 | 10253182 | 2291818 |
| 7 | | ഭരണ ചെലവുകൾ | 1315000 | 501951 | 813049 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 2245000 | 1681149 | 563851 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 3532750 | 2881459 | 651291 |
| 10 | | പ്ലാൻ-സേവന മേഖല | 34163500 | 29428310 | 4735190 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 0 | 2086674 | -2086674 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 600000 | 893587 | -293587 |

ബജറ്റ് പ്രകാരം പശ്ചാത്തല മേഖലയിൽ ചെലവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം ചെലവുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ്

തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 13.05.2021-ൽ എയിംസിൽ സമർപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 11.05.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച വാർഷിക ധനകാര്യപത്രികയിൽ റസീറ്റ് ആന്റ് പെയ്മെന്റ് പ്രകാരം 4937237രൂപ പ്രാരംഭബാക്കിയും 51174956രൂപ തൻവർഷ വരവും 49184078രൂപ തൻവർഷ ചെലവും 6928115രൂപ നീക്കിബാക്കിയുമായി ചേർത്തിരിക്കുന്നു. ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരം 93661471 രൂപ വരുമാനവും 96088714രൂപ ചെലവും ഉൾപ്പെടുത്തിയിരിക്കുന്നു. തൻവർഷം ലഭിച്ച മുൻകാല വരവ് തുക 159718രൂപ ഉൾപ്പെടെ 2267525രൂപ തൻവർഷത്തെ പ്രവർത്തന നഷ്ടമായി കണക്കാക്കുന്നു. 31.03.2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 58718688.19 രൂപ ആസ്തിമൂല്യമായും 9593710.60 രൂപ ബാദ്ധ്യതയായും ഉൾപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് ജനറൽ ഫണ്ട് 49124977.59 രൂപയുമാണ്. വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി-3 : Capital Contribution – മുൻവർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4 : Beneficiary Contributions – 41,832 രൂപയുടെ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ കൃത്യത ബോധ്യപ്പെടുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയില്ല.

3. ഷെഡ്യൂൾ ബി-9 : Recoveries Payable Dues To Other Pacnchayats എന്ന ഹെഡിൽ 24000 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ മറ്റ് പഞ്ചായത്തിലേക്ക് റിക്കവറി ഇനത്തിൽ അടവാക്കുവാനുള്ള തുക 9000 രൂപയാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

4. ഷെഡ്യൂൾ ബി-18: ഫെസ്റ്റിവൽ അഡ്വാൻസായി 24000 രൂപ കാണിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ ഈ ഇനത്തിൽ 15000 രൂപ മാത്രമാണുള്ളത്. ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന 9000 രൂപ Recoveries Payable Dues To Other Pacnchayats എന്ന ഹെഡിൽ രേഖപ്പെടുത്തേണ്ടതുകയാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

5. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

| | | |
|---|---|---|
| Deposit With KWA | Rs. 13,60,412 | ടി തുകയിൽ 3,07,701 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. ആയത് ക്രമീകരിച്ചിട്ടില്ല. |
| Depoist With KSEB | Rs. 8,55,023 | ടി തുകയിൽ 7,47,413 രൂപയുടെ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഏജൻസിയിൽ നിന്നും വാങ്ങി തുക വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കേണ്ടതാണ്. |

6. ഷെഡ്യൂൾ ബി-18: Advance To Others – ഇത് കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾക്ക് നൽകിയ അഡ്വാൻസ് തുയാണ് (₹59,586) ഇതിന്റെ ബില്ലുകൾ ലഭ്യമായിട്ടും ടി തുകകൾ ക്രമീകരിച്ചിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുക കൃത്യമല്ല.

വാർഷിക ധനകാര്യ പത്രികയിലെ മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14 തീയതി 15.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | | |
|---|---|---|---|
| മുന്നിരിപ്പ് | ക്യാഷ് | 11252 | 4937237 |
| | ബാങ്ക് | 4925985 | |
| വരവ് | | | 51174956 |
| ആകെ | | | 56112193 |
| ചെലവ് | | | 49184078 |
| നീക്കിയിരിപ്പ് | ക്യാഷ് | 6928115 | 56112193 |
| | ബാങ്ക് | 0 | |

## 1-4 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് തുക | യഥാർത്ഥ വരവ് ചെലവുകൾ | | സുലേഖ പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| | | വരവ് | ചെലവ് | | |
| | A | B | C | D | A-D |
| വികസനഫണ്ട് (ജനറൽ) | 9032052 | 9032052 | 8647353 | 8647353 | 384699 |
| വികസനഫണ്ട് (എസ്.സി.പി) | 4366269 | 4366269 | 4109800 | 4109800 | 256469 |
| വികസനഫണ്ട് (ടി.എസ്.പി) | 19000 | 19000 | 0 | 0 | 19000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 4072571 | 4072571 | 1075334 | 1765752 | 2997237 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 1852078 | 1852078 | 690418 | | 1161660 |
| സംരക്ഷണ ഫണ്ട്-റോഡ് | 15195676 | 15195676 | 13094843 | 13094843 | 2100833 |
| സംരക്ഷണ ഫണ്ട് -റോഡിതരം | 4877215 | 4877215 | 2311146 | 2311146 | 2566069 |

പ്രത്യേക ഗ്രാന്റുകൾ ഇനം തിരിച്ച്

(1) സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് )

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | മഴക്കാല പൂർവ്വ ശുചീകരണം | 0 | 130000 | 130000 | 130000 | 0 |
| | PBIG | 680276 | 0 | 680276 | 345389 | 334887 |
| വിമുക്തി | | 12500 | 0 | 12500 | 0 | 12500 |
| ജലനിധി | | 252450 | 0 | 252450 | 0 | 252450 |
| സാക്ഷരത | | 3224 | 122 | 3346 | 0 | 3346 |
| ലൈഫ് | | 512733 | 700000 | 1212733 | 600000 | 612733 |
| കില - പരിശീലനം | | 0 | 12303 | 12303 | 7125 | 5178 |

(2) കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 13804133 | 13804133 | 13804133 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 233 | 325779 | 326012 | 325869 | 143 |
| ICDS | | 808010 | 305720 | 1113730 | 407887 | 705843 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവുചെലവ് കണക്കിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസന ഫണ്ട്(ജനറൽ & എസ്.സി.പി)-ൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള | ഗ്രാന്റ്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ | ഗ്രാന്റ്സ്റ്റേറ്റ്മെന്റിലെ ന്യൂനത |
|---|---|---|---|

| | അലോട്ട് മെന്റ് തുക | വരവ് ചെലവുകൾ | | |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| വികസനഫണ്ട് (ജനറൽ) | 9032052 | 8082119 | 8647353 | ₹ 9,49,933 വരവിൽ എടുത്തിട്ടില്ല.<br>(അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള തുക (₹ 744600), ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (₹205333) സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് എന്നിവ വരവിൽ എടുത്തിട്ടില്ല) |
| വികസനഫണ്ട് (എസ്.സി.പി.) | 4366269 | 4190269 | 4109800 | (ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (₹17600), സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിൽ എടുത്തിട്ടില്ല) |

## 1-5 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 54366192 | 128 | 36116837 | 0 | 34 | 79.01 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 702475 | 562088 |
| വെറ്ററിനറി സർജൻ | 3 | 3 | 2017600 | 1192000 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 3 | 3 | 1135000 | 1058392 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 75000 | 75000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 17 | 17115224 | 10369830 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 2193500 | 1647354 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1830000 | 1236027 |
| സെക്രട്ടറി | 28 | 24 | 7051716 | 4981489 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 89 | 63 | 21831677 | 14957857 |

| | | | | |
|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 414000 | 36800 |
| ആകെ | 162 | 128 | 54366192 | 36116837 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 152 | 118 | 77.63 | 43730154 | 29207037 | 66.79 |
| പ്രത്യേക ഘടകപദ്ധതി | 10 | 10 | 100 | 10636038 | 6909800 | 64.97 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 162 | 128 | 77.63 | 54366192 | 36116837 | 63.68 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 15 | 14 | 88.88 | 5174075 | 3052009 | 58.98 |
| സേവനം | 60 | 54 | 90 | 27434240 | 18585998 | 67.75 |
| പശ്ചാത്തലം | 87 | 60 | 68.97 | 21757877 | 14475830 | 66.53 |
| ആകെ | 162 | 128 | 79.01 | 54366192 | 36113837 | 66.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 233 | 325779 | 326012 | 325869 | 143 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 13804133 | 13804133 | 13804133 | |
| ആകെ | 233 | 14129912 | 14130145 | 14130002 | 143 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3,311,700 | 197 |
| വിധവാപെൻഷൻ | 2753100 | 178 |
| വാർദ്ധക്യകാലപെൻഷൻ | 18,228,700 | 1146 |
| വികലാംഗപെൻഷൻ | 2,753,100 | 178 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 379,200 | 25 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.02.2023 തീയതിയിൽ 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായ 7912 രൂപയുടെ (ഏഴായിരത്തി തൊള്ളായിരത്തി പന്ത്രണ്ട്) കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

മാസാന്ത്യ, വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തി കണക്കുകൾ സൂക്ഷിക്കുന്നുണ്ട്. അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി

ക്രോഡീകരിച്ച സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2022 മുതൽ 16.06.2022 വരെ | 01/2022-3/2022 | 16.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.11.2017 | 2016-17 | 23.11.2018 |

## 1-11 പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല

2021-22 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്നു കാണുന്നു. നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് /അഡ്മിനിസ്ട്രേറ്റിവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 92 ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു. (Income & Expenditure Statement പ്രകാരമുള്ളത്).

| ഷെഡ്യൂൾ | തനത് വരുമാനം | തുക | ഷെഡ്യൂൾ | ചെലവ് | തുക |
|---|---|---|---|---|---|
| I-1 &I-2 | Tax Revenue | 2779930 | I-10(b) | *Establishment Expenses* | *10253182* |
| I-3 | Fees User Charges | 275399 | I-11(b) | Administrative Expenses | 501951 |
| I-4(b) | Sale Hire Charges | 52614 | I-12(b) | Operations Maintenance | 1681149 |
| I-8 | Interest Earned | 81060 | I-13 | Interest Finance Charges | 1348 |
| I-9 | Other Income | 92715 | | | |
| | ആകെ | 3289470 | | | 12437630 |

മിച്ച ഫണ്ട് ( 12437630 -3289470 ) : (-) 9148160

സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി 78,29,157 രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിയ്ക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-12 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ( ഉദാ.ബുക്ക് നം.,9292, 9293, 9294, 9295, 9287)

2. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.9292 രസീത് നം.64 മുതൽ 100 വരെ, ബുക്ക് നം.9295 രസീത് നം.53 മുതൽ

100 വരെ).

മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽനികുതി പിരിവ് അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ സെക്രട്ടറി നോട്ടീസു മൂലം ആവശ്യപ്പെടാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇപ്രകാരം ആവശ്യപ്പെട്ടിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമായി. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട വൻതുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2021-22 സാമ്പത്തികവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| പോസ്റ്റോഫീസ്, പുന്നവേലി | രണ്ടാം അർദ്ധ വർഷം |
| പോസ്റ്റോഫീസ്, നൂറോമ്മാവ് | രണ്ടാം അർദ്ധ വർഷം |
| പുല്ലുകുത്തി ക്ഷീരോല്പാദക സംഘം | രണ്ടാം അർദ്ധ വർഷം |

3. ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

2021-22 വർഷത്തിൽ ലൈസൻസ് എടുത്ത മിക്ക സ്ഥാപനങ്ങളും ടി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം രേഖപ്പെടുത്തിയിട്ടുള്ളവയിൽ ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൻവർഷം തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്.

ഇപ്രകാരം തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| ഫിലിപ്പ് ഗ്രാനോ പ്രൊഡക്ട്സ് | 19 |
| നിസ്സാർ മീറ്റാ പാലസ് | 15 |
| പാരഡൈസ് ഇന്റർലോക്സ് | 4 |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5/09.02.2023) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുന്ന എല്ലാ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| പേര് | അർദ്ധ വർഷം |
|---|---|
| ലിൻസൺ പി.ജോൺ | ഒന്നും രണ്ടും അർദ്ധ വർഷം |
| ഒ.എം.മാത്യു | ഒന്നും രണ്ടും അർദ്ധ വർഷം |
| ബിജു ജോസഫ് | ഒന്നും രണ്ടും അർദ്ധ വർഷം |
| ശരവൺ ആർ നാഥ് | ഒന്നും രണ്ടും അർദ്ധ വർഷം |
| പി.എം.കബീർ | ഒന്നും രണ്ടും അർദ്ധ വർഷം |
| ജോൺതോമസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| സോണി ജോസഫ് | ഒന്നും രണ്ടും അർദ്ധ വർഷം |
| ബബിതു സുരേന്ദ്രൻ | ഒന്നും രണ്ടും അർദ്ധ വർഷം |
| ലിജോ സാം വർഗ്ഗീസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| ജോൺ സി.തോമസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| വർഗ്ഗീസ് ജോർജ്ജ് | ഒന്നും രണ്ടും അർദ്ധ വർഷം |
| ബാബു കുര്യൻ | ഒന്നും രണ്ടും അർദ്ധ വർഷം |
| കെ.എം.ജോർജ്ജ് | ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2021) അറിയിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിൽ 12 റേഷൻ റീട്ടെയ്ൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. രേഖകൾ പരിശോധിച്ചതിൽ ഇവ ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ല. 3 റേഷൻ കടകൾ 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളതായും ബാക്കിയുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം. 5/09.02.2023)ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ സഞ്ചയ സോഫ്റ്റ് വെയർപ്രകാരം 5,56,427/- രൂപ പിരിച്ചെടുക്കാനുണ്ട്. വസ്തുനികുതി നിരവധി വർഷങ്ങളിലെ വസ്തുനികുതി കുടിശ്ശികയായിട്ടുള്ള ചില കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ് നം /കെട്ടിട നം | തുക |
|---|---|---|---|
| 1 | സണ്ണി ഫിലിപ്പ് | 5/50 | 4160 |
| 2 | ബാബു | 5/4 | 3780 |

| | | | |
|---|---|---|---|
| 3 | കെ.ജി.തങ്കച്ചൻ | 5/41 | 2268 |
| 4 | തങ്കമ്മ ഐസക് | 5/71 | 1868 |
| 5 | തോമസ് കുരുവിള | 1/92 | 2836 |
| 6 | വർഗ്ഗീസ് വർഗ്ഗീസ് | 2/380 | 2985 |
| 7 | ഫിലിപ്പ് വർഗ്ഗീസ് | 3/147 | 1412 |
| 8 | എം.എം.റംലാബീവി | 4/78 | 2180 |
| 9 | സജി കെ.എ | 4/45 | 1434 |
| 10 | വൽസമ്മ വർഗ്ഗീസ് | 6/106 | 7972 |
| 11 | ജോസഫ് പി.തോമസ് | 6/339 | 1616 |
| 12 | കരുണാകരൻ | 7/80 | 2460 |
| 12 | അനസ് | 7/353 | 3030 |
| 13 | അനിൽ കുമാർ | 8/54 | 3452 |
| 14 | പി.എ.വർഗ്ഗീസ് | 9/266 | 4536 |
| 15 | അജിത്ത് | 9/268 | 7090 |
| 16 | അന്നമ്മ കുരുവിള | 9/308 | 2584 |
| 17 | മത്തായി വർഗ്ഗീസ് | 10/49 | 4719 |
| 18 | രാജമ്മ സി.കെ | 10/171 | 1189 |
| 17 | സണ്ണി ജോൺ | 10/187 | 3310 |
| 18 | ജോൺസൺ പി.മാത്യു | 10/337 | 3150 |
| 19 | ജോൺ മത്തായി | 11/185 | 1616 |
| 20 | കെ.ജി.വാസു | 5/61 | 1550 |
| 21 | മത്തായി വർഗ്ഗീസ് | 10/49 | 4719 |
| 22 | റജി വർഗ്ഗീസ് | 10/87 | 8047 |
| 23 | വി.ജി.ശങ്കരനാരായണൻ പിള്ള | 10/108 | 2130 |
| 24 | ജോസഫ് മത്തായി | 10/110 | 2127 |
| 25 | റവ.ടി.പി.മാത്യു | 10/159 | 2365 |
| 26 | പ്രദീപ് കുമാർ | 8/ 79 | 6180 |
| 27 | രാജൻ മാത്യു | 10/157 | 2084 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/14.02.2023) മറുപടിയായി 1,88,661/- രൂപയ്ക്ക് ഓൺലൈൻ ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും നിലവിൽ വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ടെന്നും 2023 മാർച്ച് 31നകം പൂർണ്ണമായും പിരിച്ചെടുക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു

പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നമ്പർ-PRF 5675/11.02.2022 പ്രകാരം 2,05,000/-രൂപ (ബിൽ നമ്പർ.11601385358/19.03.2022) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയതിൽ 1,66,569/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 38,431/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അധികമായി ആനുകൂല്യം അനുവദിച്ചു

45000 രൂപ പരമാവധി ആനുകൂല്യം നിശ്ചയിച്ചിരുന്ന S0010/22 ഭവനം വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതി പ്രകാരം ശ്രീമതി പൊന്നമ്മ കെ. കെ, മുതുപുരയിടത്തിൽ, പുന്നവേലി പി ഒ, ആനിക്കാട് (വാർഡ് 5) എന്ന ഗുണഭോക്താവിന് 22500/- രൂപ അധികമായി ആനുകൂല്യം നൽകിയിട്ടുണ്ട്. (നിർവ്വഹണ ഉദ്യോഗസ്ഥൻ-വി ഇ ഒ (ആനിക്കാട് സർക്കിൾ). അധികമായി അനുവദിച്ച തുക നിരാകരിച്ച് ഭാഗം 3 ൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഖണ്ഡിക 3-1 കാണുക.

## 1-18 മുൻകൂറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ.(പി.)നം.419/11/ഫിൻ., തീ.04-10-2011-ൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

ഫെസ്റ്റിവൽ അഡ്വാൻസ് - ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അക്കൗണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച ജീവനക്കാരി സേവനകാലയളവിൽ ഓണം അഡ്വാൻസായി കൈപ്പറ്റിയ തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര്, തസ്തിക | ലഭിക്കുവാനുള്ള തുക | ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയ വർഷം | സ്ഥലമാറ്റം ലഭിച്ച ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| ജയലത ജെ. എസ്. അക്കൗണ്ടന്റ് | 6000 | 2019-20 (1/19, 2/19) | ആര്യങ്കാവ് |

മേൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിയിൽ നിന്നും ടിതുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻകൂറുകൾ കൈപ്പറ്റിയിട്ട് ക്രമീകരിക്കാത്ത/തിരിച്ചടയ്ക്കാത്ത തുക ജീവനക്കാരുടെ ശമ്പളത്തിൽനിന്നോ, അല്ലാത്തപക്ഷം റവന്യൂറിക്കവറിയിലൂടെയോ തുക ഈടാക്കാൻ സർക്കുലർ നം. 43/12/ധന., തീയതി 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 അതിദരിദ്രർക്ക് ക്ഷേമപ്പെൻഷൻ ഉറപ്പാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിലെ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ, അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് അർഹമായ ക്ഷേമപ്പെൻഷൻ ലഭിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | വയസ് | ക്രമ നം. | പേര്, വിലാസം | വയസ് |
|---|---|---|---|---|---|
| 1 | തങ്കമ്മ ചെറിയാൻ മാവുങ്കൽ | 75 | 9 | സാറാമ്മ ഐസക് പള്ളിപ്പറമ്പിൽ | 70 |
| 2 | തോമസ് ചാക്കോ ഓലിക്കൽ വീട് | 87 | 10 | വർഗ്ഗീസ് എൻ.എം. നമ്പൂരക്കൽ | 75 |
| 3 | കുഞ്ഞൂട്ടി പഴയപറമ്പിൽ | 87 | 11 | പൊന്നമ്മ പുള്ളോലിക്കൽ | 72 |
| 4 | റാഹേൽ മുള്ളൻകുഴി | 62 | 12 | അമ്മുക്കുട്ടിയമ്മ പുള്ളോലിക്കൽ | 65 |
| 5 | ശോശാമ്മ ജോസഫ് തോണിപ്പാറ | 72 | 13 | തങ്കമ്മ സൈമൺ തടത്തിൽ | 62 |
| 6 | പൊന്നമ്മ സുകുമാരൻ ആലക്കൽ | 69 | 14 | ജോയി നമ്പൂരാക്കൽ | 62 |
| 7 | പൊന്നമ്മ സാമുവൽ മാമ്മൂട്ടുപറമ്പിൽ | 56 | 15 | ചന്ദ്രിക ഏഴോലി | 77 |
| 8 | സാറാമ്മ വർഗ്ഗീസ് കരിമ്പോലിൽ | 62 | 16 | കുഞ്ഞുമോൻ കണിയാംപറമ്പിൽ | 60 |

അഗതിരഹിതകേരളം പദ്ധതിയുടെ മാർഗ്ഗരേഖ [ജി.ഒ.(എം.എസ്).നം.252/2017 തസ്വഭവ തീയതി 12.12.2017] ഖണ്ഡിക നം.4.1.4ൽ, ക്ഷേമപ്പെൻഷൻ സംബന്ധിച്ച് ചുവടെ പറയും പ്രകാരം വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റ് പെൻഷനുകളും അനുവദിക്കുന്നതിന് ഉയർന്ന മുൻഗണന നൽകണം.

2. ഇതിനായി തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കണം.

3. പദ്ധതി കുടുംബങ്ങളിലെ അർഹരായവർക്ക് ഗ്രാമപഞ്ചായത്തിൽനിന്ന് ഏതെങ്കിലും ഒരു ക്ഷേമപ്പെൻഷൻ ലഭിക്കുന്നുവെന്ന് സിഡിഎസ് ഉറപ്പാക്കണം.

4. മെഡിക്കൽ സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ തയ്യാറാക്കുന്നതിനും യാത്രാ ചെലവുകൾക്കും ആവശ്യമായ തുക, പദ്ധതിയുടെ റിസർവ് ഫണ്ടിൽനിന്ന് ചെലവഴിക്കാവുന്നതാണ്.

ഗ്രാമപഞ്ചാത്തിലെ അതിദരിദ്രർക്ക് എല്ലാം തന്നെ സാമൂഹിക സുരക്ഷാ പെൻഷൻ കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.ഈ വിഷയം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു മുറയ്ക്ക് പെൻഷൻ റദ്ദ് ചെയ്തില്ല

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). പ്രാദേശിക സർക്കാരിൽനിന്ന് മരണ സർട്ടിഫിക്കറ്റ്/പുനർവിവാഹ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന നടപടിക്രമങ്ങളും പെൻഷൻ ഡാറ്റാ ബേസും ആധാർ നമ്പരും ബന്ധിപ്പിച്ച് മരണപ്പെട്ട/പുനർവിവാഹം ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽനിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്ന ഗുണഭോക്താക്കൾ മരണപ്പെടുകയും, അവരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തതിനുശേഷവും, സർക്കാർ നിഷ്കർഷിച്ചിരുന്ന പ്രകാരം ഇവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ വീഴ്ചയുണ്ടായി. ഭൂരിപക്ഷം സംഗതികളിലും പെൻഷണർമാരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിനുശേഷം വർഷങ്ങൾക്ക് ശേഷമാണ് പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുമൂലം ഗുണഭോക്താക്കളുടെ മരണശേഷവും ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുകയും, ആയത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റാൻ ഇടയാകുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ പെൻഷൻ തുക | | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| | | | | കാലയളവ് | തുക | |
| മറിയാമ്മ വർഗീസ് | 103720200817 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18/04/22 | 05/22-11/22 | 11200 | 543502010006216 (UBIN0554359) |
| അമ്മുക്കുട്ടി കെ ആർ | 103720200404 | ,, | 03/09/22 | 10/22-11/22 | 3200 | 67337299534 (SBIN0070087) |
| സുരേന്ദ്രൻ പി. പി. | 103720201336 | ,, | 04/08/22 | 09/22-11/22 | 4800 | 543502010004427 (UBIN0554359) |
| എം.ജി ലക്ഷ്മി | 103720100054 | കർഷക തൊഴിലാളി പെൻഷൻ | 30/05/22 | 06/22-11/22 | 9600 | 543502010004533 (UBIN0554359) |

| | | | | | | |
|---|---|---|---|---|---|---|
| കുഞ്ഞമ്മ വർഗ്ഗീസ് | 103720600394 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 01/01/22 | 02/22-11/22 | 16000 | 67368401826 (SBIN0070087) |
| കുഞ്ഞുകുഞ്ഞമ്മ | 103720600419 | ” | 10/02/22 | 03/22-11/22 | 14400 | 67207050891 (SBIN0070087) |
| രാജപ്പൻ എൻ.ആർ. | 103720200589 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് | 19/11/21 | 12/21-11/22 | 19200 | 67206137785 (SBIN0070087) |
| തങ്കമ്മ രവീന്ദ്രകുറുപ്പ് | 103720200159 | ” | 17/11/21 | 12/21-11/22 | 19200 | 67224398849 (SBIN0070087) |
| തോമസ് മാർക്കോസ് | 103720100298 | ” | 05/10/21 | 11/21-11/22 | 20800 | 67319164542 (SBIN0070087) |
| ജോർജ് വർഗീസ് | 103720200484 | ” | 21/10/2021 | 11/21-11/22 | 20800 | 14430100045775 (FDRL0001443) |

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (നം.67/2020/ധന, തീ. 05.11.2020). ഇത് സംബന്ധിച്ച് സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിൽ അറിയിക്കാതെ അനന്തരവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽനിന്നും തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 13.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തക്കളുടെ മരണശേഷം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയ പെൻഷൻ തുക കൈപ്പറ്റിയ അനന്തരാവകാശികളിൽനിന്നും പൂർണ്ണമായും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 കുറഞ്ഞനിരക്ക് അംഗീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ കുരുന്നംവേലി-മുറ്റംഉണ്ടിക്കടവ് റോഡ് കോൺക്രീറ്റിംഗ്(നം.127/22) പ്രവൃത്തിക്കുവേണ്ടി ടെണ്ടർ ക്ഷണിച്ചപ്പോൾ ജോൺതോമസ് എന്നകരാറുകാരൻ 25.1%കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നെങ്കിലും മതിയായ തുകയ്ക്കുള്ള E.M.D ഒടുക്കിയിട്ടില്ല എന്നകാരണത്താൽ ടിയാളുടെ ടെണ്ടർ നിരസിക്കുകയും, 21.25% കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ.വർഗീസ് ജോർജിന് പ്രവൃത്തി നൽകുകയും ചെയ്തു. എന്നാൽ ജോൺതോമസ് ഒടുക്കിയ E.M.D മതിയായ തുകയ്ക്കുള്ളതായിരുന്നു. തെറ്റായ നടപടിക്രമങ്ങൾ മൂലം കരാറുകാരന് 17603രൂപയും, നികുതിയിനങ്ങൾക്കായി 652രൂപയും അധികമായി നൽകിയിരിക്കുന്നു.വിശദവിവരങ്ങൾ ഖണ്ഡിക 3(2)ൽ ചേർത്തിരിക്കുന്നു.

## 1-22 ടാർ ബാരൽവില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ആറാട്ടുകടവ് റോഡ് (183/22),നൂറോമ്മാവ് നൂറനാട്ടുകര റോഡ് (155/22),നൂറോമ്മാവ് പഞ്ചായത്ത്പടി ചുഴകുന്നേൽ റോഡ് ( 159/22), നെല്ലൂർപടവ് പി ആർ ഡി -കാരിയമന റോഡ്(61/22) എന്നീ റോഡ് നിർമ്മാണപ്രവത്തികൾക്ക് പായ്ക്ക്ഡ് ബിറ്റുമിൻ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ബിൽ തുക നൽകിയപ്പോൾ ബാരൽവില കുറച്ചിട്ടില്ല. അതിനാൽ 13066 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3(3)ൽ

ചേർത്തിരിക്കുന്നു.

## 1-23 പുളിക്കാമല ക്ലബ്പടി പുറത്തേപ്പടി റോഡ് പുനരുദ്ധാരണം -ബില്ല് തയ്യാറാക്കിയതിൽ അപാകതകൾ

പുളിക്കാമല ക്ലബ്പടി പുറത്തേപ്പടി റോഡ് പുനരുദ്ധാരണം( 161/22) പ്രവൃത്തി നടപ്പാക്കി ബിൽ നൽകിയപ്പോൾ അധിക തുക നൽകുകയും, പിന്നീട് ആയത് തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബിൽ പ്രകാരം (ബിൽ 44/21-22 19-3-22, 191684) | എം.ബുക്ക് പ്രകാരം | അധികം |
|---|---|---|---|
| ആകെത്തുക | 191684 | 179866 | 11818 |
| ആദായനികുതി | 1712 | 1606 | 106 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 1694 | 1590 | 104 |
| സെസ് | 17 | 16 | 1 |
| കരാറുകാരന് നൽകിയത് | 188261 | 176654 | 11607 |

കരാറുകാരന് നൽകിയതുക 11607 ട്രഷറിയിൽ ഒടുക്കി ചെലാൻ ഫയലിൽ ചേർത്തിട്ടുണ്ട്. ട്രഷറി ബിൽ പ്രകാരം മാറിയ തുകയ്ക്ക് ആധാരമായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ച് എംബുക്ക് പ്രകാരം ബിൽ തയ്യാറാക്കി കരാറുകാരന് തുകനൽകണമെന്നിരിക്കെ എം ബുക്കിൽ നിന്നും വ്യത്യസ്ഥമായി കൂടുതൽ തുക നൽകാനിടയായ സാഹചര്യം വ്യക്തമല്ല. നികുതിയിനത്തിൽ കൂടുതൽ ചെലവഴിച്ച തുക തിരികെ ഈടാക്കുന്നതിന് നിർദ്ദേശം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികൾ - തുടർ നിരീക്ഷണം ശക്തമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി നിക്ഷേപിച്ച, തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേരളാ വാട്ടർ അതോറിറ്റി | 13,60,412 |
| കേരളാ ഇലക്ട്രിസിറ്റി ബോർഡ് | 8,55,023 |

ഇത് ഏത് വർഷം മുതലുള്ള നിക്ഷേപ പ്രവൃത്തികളുടെ നീക്കിയിരിപ്പാണെന്നും, ഇതിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടും ആസ്തിയിലേക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കാതെ കിടക്കുന്ന തുകകളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്ന ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 10 തീയതി 09.02.2023 ) നൽകിയ മറുപടിയിൽ കേരളാ വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകയിൽ 3,07,701 രൂപയുടെ വിനിയോഗ വിവരം ലഭിച്ചിട്ടുണ്ടെന്നും ആയത് 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2017-18 മുതൽ 2020-21 വരെ കേരള വാട്ടർ അതോറിറ്റി, കെ എസ് ഇ ബി എന്നീ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ഒട്ടേറെ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഇപ്പോഴും ലഭ്യമാക്കിയില്ല. ഏതാനും പ്രൊജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | വർഷം | നിർവ്വഹണ ഏജൻസി | പദ്ധതിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|
| S0278/21- വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 9,88,000 | 2020-21 | KWA | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| S0060/21- ചൊറിക്കാവുങ്കൽപടി | 1,50,000 | ” | KWA | ” |

| | | | | |
|---|---|---|---|---|
| കുടിലിൽപടി നടപ്പാത പൈപ്പ് ലൈൻ നീട്ടൽ<br>പൈപ്പ് ലൈൻ എക്സ്റ്റൻഷന് | | | | |
| S0264-പൈപ്പ് ലൈൻ നീട്ടൽ വാർഡ് - 2 | 71,340 | 2020-21 | KWA | ” |
| S0019/18-സ്ട്രീറ്റ് ലൈൻ നീട്ടൽ | 582849 | 2017-18 | KSEB | ” |
| S0058/18- എസ്.സി കോളനിയിലേക്ക് സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ | 115635 | 2017-18 | KSEB | ” |
| S0021/19- വോൾട്ടേജ് ഇപ്രൂവ്മെന്റിനവേണ്ടി 3 ഫേസ് ലൈൻ വലിക്കൽ | 48929 | 2019-20 | KSEB | ” |
| | | | | |

നിർവ്വഹണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, നിർവ്വഹണം പൂർത്തിയാക്കാനുള്ള പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതിനും ഭരണതല നടപടികൾക്കായി ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-25 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ആക്ഷൻപ്ലാൻ 23-1-2021-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 693 പ്രൊജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 137 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. 239135 തൊഴിൽ ദിനങ്ങൾ വിഭാവനം ചെയ്തിരുന്നെങ്കിലും 37624 മാത്രമാണ് സാധ്യമായത്. തൻവർഷം 665 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടതിൽ 635 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. 182കുടുംബങ്ങൾക്ക് 100ദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്. കിണർ, കാലിത്തൊഴുത്ത്, ആട്ടിൻകൂട് നിർമ്മാണം, സോക്ക്പിറ്റ് നിർമ്മാണം എന്നിവയാണ് പ്രധാനമായും നടപ്പാക്കിയിട്ടുള്ളത്.

## 1-26 ആശുപത്രി മാനേജിംഗ് കമ്മറ്റി രൂപീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ഗവ. ഹോമിയോ ഡിസ്പെൻസറി 29.03.1990-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിനു കൈമാറിക്കിട്ടിയ പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി, ചെയർ പേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതാണെന്ന് 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മറ്റി ചട്ടങ്ങൾ) ലെ ചട്ടം3 ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, ചട്ടം 9(1) പ്രകാരം, ആശുപത്രി മാനേജിംഗ് കമ്മിറ്റി യുടെ വികസന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 24.12.2008-ൽ ഗവ. ആയുർവ്വേദ ഡിസ്പെൻസറി ആരംഭിച്ചു. 10.06.2016-ൽ ആശുപത്രി മാനേജിംഗ് കമ്മറ്റി ആരംഭിച്ചുവെങ്കിലും ചട്ടം 6 പ്രകാരമുള്ള ആശുത്രി വികസന ഫണ്ട് രൂപീകരിച്ചിട്ടില്ല. കൂടാതെ, ചട്ടം6(5) പ്രകാരം, ഫണ്ടിന്റെ സൂക്ഷിപ്പിനായി പൊതുമേഖലാ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. കോവിഡ് കാലത്ത് ആശുപത്രി മാനേജിംഗ് കമ്മറ്റിയുടെ പ്രവർത്തനം നിലച്ചു. പിന്നീട് മാനേജിംഗ് കമ്മറ്റി യോഗങ്ങൾ കൂടുകയോ ഡിസ്പെൻസറിയുടെ പ്രവർത്തനം വിലയിരുത്തുകയോ വികസനത്തിനാവശ്യമായുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

പൊതുജനാരോഗ്യസ്ഥാപനം നൽകുന്ന സേവനങ്ങൾക്കും ഏർപ്പെടുത്തുന്ന സൗകര്യങ്ങൾക്കും സർക്കാർ അനുവദിക്കുന്ന നിരക്കിൽ ഫീസുകളും ചാർജ്ജുകളും ഈടാക്കാമെന്ന് ചട്ടം 6(2)(iii)ൽ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ സ്വീകരിക്കാമെന്നും ഇവയെല്ലാം തന്നെ മെമ്പർ സെക്രട്ടറി രസീത് നൽകേണ്ടതാണെന്നും പ്രതിപാദിക്കുന്നു. എന്നാൽ എച്ച്.എം.സി ഫണ്ടിലേക്ക് തുച്ഛമായ ഒ.പി. ടിക്കറ്റ് ഫീസ് (രണ്ടു രൂപ) മാത്രമാണ് ഈടാക്കുന്നത്.

ഗവ. ഹോമിയോ ഡിസ്പെൻസറിയിൽ ചട്ട പ്രകാരം എച്ച്.എം.സി രൂപീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കുന്നതിനായി ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (നം. 13 തീയതി 13.02.2023)

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി, ചട്ടങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ തുടർ വർഷങ്ങളിൽ നടത്തേണ്ടതും എച്ച്.എം.സി ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലേക്ക് ഓരോ സാമ്പത്തിക വർഷവും ഓഡിറ്റിനായി സമർപ്പിക്കേണ്ടതുമാണ്.

## 1-27 എസ്.എസ്.എ/ആർ.എം.എസ് വിഹിതം-വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ S0001/22 "എസ് എസ് എ/ആർ എം എസ് വിഹിതം" പദ്ധതിയിൽ ഉൾപ്പെടുത്തി 30.09.2021 ലെ 2105085201170044849 നമ്പർ ബിൽ പ്രകാരം 100000രൂപ എസ് എസ് കെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (0819101104302) നൽകിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വിഹിതമായി കൈമാറിയ തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-28 വെള്ളക്കരം കുടിശ്ശിക

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2012-ലെ സ.ഉ.(സാധാ.)നം.1583/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശിക വരുത്താൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ തനത് ഫണ്ടിന്റെ അഭാവത്താൽ പ്രസ്തുത നിർദ്ദേശം പാലിക്കാൻ പഞ്ചായത്തിന് കഴിയാതെ വരികയും തന്മൂലം വെള്ളക്കരം കുടിശ്ശിക ആകുകയും ചെയ്തു.

2021-22 വർഷം S0023/22 വെള്ളക്കരം അടവാക്കൽ പദ്ധതി പ്രകാരം 04/21 മുതൽ 07/21 വരെ 46401 രൂപ നിരക്കിലും(101 ടാപ്പുകൾ) 8/21 മുതൽ 03/22വരെ 47320 രൂപ നിരക്കിലും (103 ടാപ്പുകൾ) പ്രതിമാസ വെള്ളക്കരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടവാക്കിയിട്ടുണ്ട്.

04/21ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക ഇനത്തിൽ 18850527 രൂപയും ഫൈൻ ഇനത്തിൽ 369759 രൂപയും അടവാക്കാനുണ്ടായിരുന്നു. കുടിശ്ശികയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം പിഴ പലിശയാണ് ചുമത്തുന്നത്. 03/22 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക 23446981 രൂപയും ഫൈൻ 459936 രൂപയും ആയി വർദ്ധിച്ചിട്ടുണ്ട്. കുടിശ്ശിക അടവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/08.02.2023) ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റിയുടെ 10/03/2022 ലെ 9(1) ാം നമ്പർ തീരുമാനപ്രകാരം, ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളും വിച്ഛേദിച്ച് വെള്ളക്കരം ഒഴിവാക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി മല്ലപ്പള്ളി അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും ഇതനുസരിച്ച് 31.03.2022 ലെ എ2-100/22 നമ്പർ പ്രകാരം വാട്ടർ അതോറിറ്റി മല്ലപ്പള്ളി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് 22.12.2022 ലെ എസ് സി /601/22 നമ്പർ പ്രകാരം ബഹു. ജലവിഭവ വകുപ്പ് മന്ത്രിയ്ക്കും ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയ്ക്കും കത്ത് നൽകിയിട്ടുണ്ട്. ആയതിന് കേരള വാട്ടർ അതോറിറ്റി തിരുവല്ല എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01.02.2023 ലെ എ ബി 2-3616/2019 നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ പൊതുടാപ്പുകളുടെ വെള്ളക്കരകുടിശ്ശിക 2023 ജനുവരി വരെ 28970265 രൂപയാണെന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 8599507 രൂപ അടവാക്കിയാൽ പലിശ തുകയായ 20370758 രൂപ ഒഴിവാക്കി നൽകാൻ വാട്ടർ അതോറിറ്റി തയ്യാറാണെന്നും ഈ കത്തിൽ അറിയിച്ചിട്ടുണ്ട്.

നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്ന് അറിയിച്ച തുക അടവാക്കുന്നതിനും പഞ്ചായത്തിന് നിർവ്വാഹമില്ല എന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 അഗതി രഹിത കേരളം പദ്ധതി -അവലോകനം

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതികുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃതപദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതിയ്ക്ക് 10.03.2019ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ ടി പദ്ധതിയിൽ 230 ഗുണഭോക്താക്കളാണുള്ളത്.

അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭക്ഷണം | 230 |
| ചികിത്സ | 45 |
| വീട് | 1 |
| ഭവനപുനരുദ്ധാരണം | 27 |

2021-22 സാമ്പത്തികവർഷം പഞ്ചായത്ത് വിഹിതമായി 200000 രൂപ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്ന സേവനങ്ങളിൽ ഭക്ഷണവിതരണം മാത്രമാണ് തൻവർഷം നടന്നിട്ടുള്ളത്. 31.03.2022 ൽ 1499575 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മറ്റികളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അധികനിരക്കിൽ സബ്സിഡി അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | S0010/22 ഭവനം വാസയോഗ്യമാക്കൽ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി ഇ ഒ |
| അടങ്കൽ | 2349133 (വികസന ഫണ്ട്- പൊതുവിഭാഗം)<br>35867(തനത്ഫണ്ട്) |
| ചെലവ് , ബിൽവിവരം | 2317500 (വികസന ഫണ്ട്- പൊതുവിഭാഗം)<br>21050852013500359397/07.09.2021 -202500<br>21050852013500381290/07.09.2021 -315000<br>21050852013500381246/07.09.2021 -157500<br>21050852013500420117/ 18.09.2021 -360000<br>21050852013500433701/23.09.2021 -112500<br>21050852013500433711/23.09.2021 -67500<br>21050852013500550725/25.10.2021 -45000<br>21050852013500596835/11.11.2021 -45000 |

| | | |
|---|---|---|
| | | 21050852013500650069/17.11.2021 -180000<br>21050852013500661938/18.11.2021 -90000<br>21050852013500701183/26.11.2021 -135000<br>21050852013500754588/09.12.2021 -202500<br>21050852013500927544/31.01.2022 -90000<br>21050852013501035270 /31.01.2022 -90000<br>21050852013500801224 / 18.12.2021 -157500<br>21050852013500812064 /20.12.2021 -67500<br>2317500 |

വില്ലേജ് എക്സ്റ്റൻഷൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ “ഭവനം വാസയോഗ്യമാക്കൽ ജനറൽ” എന്ന പ്രോജക്ട് പ്രകാരം 4500 രൂപയാണ് ഓരോ ഗുണഭോക്താവിനും ആനുകൂല്യമായി നിശ്ചയിച്ചിരുന്നത്. എന്നാൽ ഫയലുകൾ, അനുബന്ധരേഖകൾ, സാംഖ്യ വെബ് എന്നിവ പരിശോധിച്ചതിൽ S0010/22 ഭവനം വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി പൊന്നമ്മ കെ. കെ, മുതുപുരയിടത്തിൽ, പുന്നവേലി പി ഒ, ആനിക്കാട് (വാർഡ് 5) എന്ന ഗുണഭോക്താവിന് 22500/- രൂപ അധികമായി ആനുകൂല്യം നൽകിയതായി ബോദ്ധ്യപ്പെട്ടു . ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി | നൽകിയ തുക |
|---|---|---|
| 1 | 21050852013500381290/07.09.2021 | 22500 |
| 2 | 21050852013500754588/09.12.2021 | 22500 |
| 3 | 21050852013500801224 / 18.12.2021 | 22500 |
| | ആകെ | 67500 |

പദ്ധതിപ്രകാരം പരമാവധി ആനുകൂല്യം 45000 രൂപയായി നിശ്ചയിച്ചിരുന്ന സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് 67500/- രൂപ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/14.02.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 22500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-2 കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ കുരുന്നംവേലി-മുറ്റം ഉണ്ടിക്കടവ് റോഡ് കോൺക്രീറ്റിംഗ്(നം.127/22) പ്രവൃത്തിക്കുവേണ്ടി ടെണ്ടർ ക്ഷണിച്ചപ്പോൾ ജോൺ തോമസ് എന്ന കരാറുകാരൻ 25.1% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നു. Price Schudule പ്രകാരം 423367.60 രൂപയാണ് പദ്ധതി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. കരാറുകാരൻ 11750/- E.M.D ഒടുക്കിയതായി ടെണ്ടർ ഫോമിൽ ചേർത്തിട്ടുണ്ട്. മതിയായ തുകയ്ക്കുള്ള E.M.D ഒടുക്കിയിട്ടില്ലാത്തതിനാൽ ടിയാളുടെ ടെണ്ടർ നിരസിക്കുകയും, 21.25% കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ.വർഗീസ് ജോർജിന് പ്രവൃത്തി നൽകുകയും ചെയ്തു.

കരാർ തുകയുടെ 2.5% തുകയാണ് E.M.D ആയി ഒടുക്കവരുത്തേണ്ടത് എന്നുള്ളതിനാൽ ശ്രീ.ജോൺ തോമസ് ഒടുക്കിയ E.M.D തുക കുറവല്ലെന്ന് കാണുന്നു. കുറഞ്ഞനിരക്ക് ക്വാട്ടുചെയ്ത ടെണ്ടർ അംഗീകരിക്കാത്തതിനാൽ ചുവടെ ചേർത്ത രീതിയിൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിരിക്കുന്നതായി കാണുന്നു.

| ഇനം | നൽകിയ തുക (21.25% കുറവ് നിരക്ക്) ബിൽനം.1/22-23, 29-6-21 373410/- | നൽകാവുന്നതുക ( 25.1% കുറവ് നിരക്ക്) | അധികം നൽകിയത് |
|---|---|---|---|
| ആകെ വേലമൂല്യം | 423368 | 423368 | |
| ടെണ്ടർ കുറവ് | 89966 | 106265 | 16299 |
| ബാക്കി | 333402 | 317103 | |

| | | | |
|---|---|---|---|
| ജി.എസ്.റ്റി | 40008 | 38052 | 1956 |
| റിക്വസ്റ്റ് തുക | 373410 | 355155 | |
| ആദായനികുതി | 3334 | 3171 | 163 |
| നിക്ഷേപ തൊഴിലാളി ക്ഷേമ വിഹിതം | 3301 | 3140 | 161 |
| സെസ്സ് | 33 | 31 | 2 |
| ജി.എസ്.റ്റി | 6668 | 6342 | 326 |
| കരാറുകാരന് നൽകേണ്ടത് | 360074 | 342471 | 17603 |
| അധികം നൽകിയത് | | 17603 | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/9-2-23) ലഭ്യമാക്കിയ മറുപടിയിൽ ഭരണാനുമതി ലഭിച്ചതുകയായ 475000ന്റെ 2.5%തുകയായ 11875/-രൂപയാണ് ഇ.എം.ഡി.യായി ടെണ്ടർ നോട്ടീസിൽ നൽകിയതെന്നും ആയതിനാലാണ് 11750/- ഇ.എം.ഡി ഒടുക്കിയ ശ്രീ ജോൺതോമസിന്റെ ടെണ്ടർ നിരസിച്ചതെന്നും വ്യക്തമാക്കിയിരിക്കുന്നു. പി.ഡബ്ലിയു.ഡി മാന്വൽ പ്രകാരം കരാർതുകയുടെ 2.5% തുകയാണ് ഇ.എം.ഡി.യായി അടവാക്കേണ്ടത്. കരാറുകാരന് അധികമായി ചെലവഴിച്ച 17603 രൂപയും, നികുതിയിനങ്ങൾക്കായി ചെലവഴിച്ച 652രൂപയും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ബാരൽവില ഈടാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന റോഡ് നിർമ്മാണപ്രവത്തികൾക്ക് പായ്ക്ക്ഡ് ബിറ്റുമിൻ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ബിൽ തുക നൽകിയപ്പോൾ ബാരൽവില കുറച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽനം&തീയതി | ഉപയോഗിച്ച ടാറിന്റെ അളവ് |
|---|---|---|
| ആറാട്ടുകടവ് റോഡ് (183/22) | 59/21-22, 26-3-22 494036 | 19 ബാരൽ |
| നൂറോമ്മാവ് നൂറനാട്ടുകര റോഡ് (155/22) | 68/21-22, 30-3-22 473529 | 13 ബാരൽ |
| നൂറോമ്മാവ് പഞ്ചായത്ത്പടി ചുഴകുന്നേൽ റോഡ് ( 159/22) | 65/21-22, 26-3-22 378388 | 5 ബാരൽ |
| നെല്ലൂർപടവ് പി ആർ ഡി -കാരിയമന റോഡ്(61/22) | 63/21-22, 26-3-22 345500 | 10 ബാരൽ |
| ആകെ | | 47 |

ബാരലിന്റെ വില ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം15/15.2.230)മറുപടി ലഭിച്ചില്ല. കാലി ബാരലിന്റെ വിലയായി 11092 രൂപയും നികുതിയിനത്തിൽ 1997 രൂപയും ഉൾപ്പെടെ 13088(47X236+GST18%) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ലൈഫ് ഭവനനിർമ്മാണം എസ് സി | 200000 |
| | 500000 | ലൈഫ് ഭവനനിർമ്മാണം എസ് സി(SO) | 500000 |
| | 69290 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 69290 |

| | | | |
|---|---|---|---|
| | 130000 | പാലിന് സബ്സിഡി | 130000 |
| ജില്ലാ പഞ്ചായത്ത് | 287430 | പാലിയേറ്റീവ് കെയർ | 287430 |
| | 1500000 | ലൈഫ് ഭവനനിർമ്മാണം എസ് സി | 1500000 |
| | 127840 | അംഗനവാടി അനുപൂരക പോഷകാഹാരം | 127840 |
| | 285500 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 285500 |
| | 606027 | പാലിന് സബ്സിഡി | 606027 |

## 4-2 നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 8650000 | 1699564 | 354882 | 20118 | 1344682 |
| KURDFC ലൈഫ് ഭവന പദ്ധതി | 2400000 | 1734311 | 381333 | 0 | 1352978 |

EMS ഭവന പദ്ധതിയുടെ ലോൺ ഇനത്തിൽ മുന്നിരിപ്പിലുണ്ടായിരുന്ന 203392 രൂപയുടെ വ്യത്യാസം തൻവർഷത്തെ വരവിൽ ഉൾപ്പെടുത്തിയും ലൈഫ് ഭവന പദ്ധതിയുടെ ലോൺ ഇനത്തിൽ മുന്നിരിപ്പിലുണ്ടായിരുന്ന 498667 രൂപയുടെ വ്യത്യാസം തൻവർഷത്തെ ചെലവിൽ ഉൾപ്പെടുത്തിയും നീക്കിയിരുപ്പ് തുകകൾ കൃത്യമാക്കിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 56112193 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49184078 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51195 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 22500 | ശ്രീമതി ആതിര എസ് വി.ഇ.ഒ |
| 3-2 | - | 17603 | ശ്രീ ഷാജി ബി.എസ് അസി.എഞ്ചിനീയർ |
| 3-3 | - | 11092 | ശ്രീമതി ജലജാകുമാരി പി.ആർ അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(2) | 652 | ശ്രീ ഷാജി ബി.എസ് അസി.എഞ്ചിനീയർ |
| 3(3) | 1997 | ശ്രീമതി ജലജാകുമാരി പി.ആർ അസി.എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷാജി ബി.എസ് അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ വിളവൂക്കൽ ഗ്രാ.പ തിരുവനന്തപുരം | സലിംഭവൻ പൂങ്കുളം പി.ഒ തിരുവനന്തപുരം |
| ശ്രീമതി ജലജാകുമാരി പി.ആർ | ലഭ്യമല്ല | ഹാപ്പി വില്ല പെരിഞ്ഞിലിപ്പുറം ചെങ്ങന്നൂർ, |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | | ആലപ്പുഴ |
| ശ്രീമതി ആതിര എസ്<br>വി ഇ ഒ | വി ഇ ഒ<br>റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | ആതിര ഭവൻ<br>പൊൻകുന്നം പി ഒ<br>കോട്ടയം<br>പിൻ. 686586 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ /തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്.പിറ്റിഎ.പി7-802/10<br>തീയതി:04.10.2011 | 1 (3-9) |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി7-558/15<br>തീയതി: 04.07.2015 | 1 (2-1) |
| 2014-15 | എൽ.എഫ്.പിറ്റിഎ.പി7-597/16<br>തീയതി:01.06.2016 | 3 (3-2,3-3,3-4) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ. പി7/1184/16<br>തീയതി:10.11.2016 | 2 (2-1, 2-5) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ./പി7/1128/17<br>തീയതി: 5.10.2017 | 8 (2-3 (സി), 2-4, 3-1, 3-4, 3-5, 3-9, 3-10) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി7/ 237/18<br>തീയതി: 03.05.2019 | 11 (2-3, 2-5, 2-8, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-8, 3-9) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി7/200/20<br>തീയതി: 27.04.2020 | 11(1-9, 1-11 To 1-20) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി7/315/22<br>തീയതി: 30.03.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.ഡി.പി.റ്റി.എ പി7/486/2022<br>തീയ്യതി: 23/05/2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്